**'ഭരണഭാഷ-മാതൃഭാഷ'**

## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

വിഷയം: പൊതു. വിദ്യാഭ്യാസം - ജീവനം – കോഴിക്കോട് മോഡൽ റസിഡൻഷ്യൽ സ്കൂൾ അടച്ച് പൂട്ടിയതിനാൽ പ്രഥമാദ്ധ്യാപികക്ക് പുനർനിയമനം നൽകുന്നത്- സംബന്ധിച്ച്.

വായന:- 1) ഈ ഓഫീസിലെ 25.04.2017 ലെ ഇതേ നമ്പർ ഉത്തരവ്
2) കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 15.06.2017 ലെ എ2/4325/2017 നമ്പർ കത്ത്.
3) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 31.05.2017 ലെ എഡ്യൂ.സി1/1080/2015 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ഡി5/6000/2017/ഡി.പി.ഐ.തീയതി 16/06/2017**

വായന (1) പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് ഗവൺമെന്റ് എച്ച്.എസ്.എസ് കാവുംഭാഗം, കണ്ണൂർ പ്രഥമാദ്ധ്യാപിക ആയിരുന്ന ശ്രീമതി ക്ലാരമ്മ ജോസഫിനെ കോഴിക്കോട് മോഡൽ റസിഡൻഷ്യൽ സ്കൂളിലേക്ക് സ്ഥലംമാറ്റി നിയമിച്ചിരുന്നു. പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കോഴിക്കോട് മോഡൽ റസിഡൻഷ്യൽ സ്കൂൾ അടച്ചുപൂട്ടിയതായി വായന (2) പ്രകാരം കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിരുന്നു.

ഈ സാഹചര്യത്തിൽ നിലവിൽ കോഴിക്കോട് ജില്ലയിൽ ഒഴിവുള്ള ജി.എച്ച്.എസ്.എസ് വളയം പ്രഥമാദ്ധ്യാപിക ആയി ശ്രീമതി ക്ലാരമ്മ ജോസഫിനെ ഉടൻ പ്രാബല്യത്തിൽ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

പുതിയ ലാവണങ്ങളിൽ പദവി ഏറ്റെടുത്ത ശേഷം ആയത് മേലാപ്പീസിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം

ഡി.സന്തോഷ്കുമാർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താക്കൾ:-

1. വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട് (ഈ ഉത്തരവ് അടിയന്തിരമായി നടപ്പാക്കി ഈ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.)
2. ഹെഡ്മാസ്റ്റർ, ഗവൺമെന്റ് എച്ച്.എസ്.എസ് വളയം, കോഴിക്കോട്
3. ശ്രീമതി ക്ലാരമ്മ ജോസഫ്, ഹെഡ്മിസ്ട്രസ്സ് (വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന)
4. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനക നഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ, തിരുവനന്തപുരം-3
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം
6. കരുതൽ ഫയൽ